# ഏലൂർ നഗരസഭയുടെ 23.06.2018–ലെ അടിയന്തിര കൗൺസിൽ യോഗത്തിന്റെ നടപടി ക്രമങ്ങൾ

ഏലൂർ നഗരസഭയുടെ ഒരു അടിയന്തിര കൗൺസിൽ യോഗം 2018 ജൂൺ മാസം 23–ാം തീയതി ചൊവ്വാഴ്ച രാവിലെ 11-ന് നഗരസഭ ചെയർപേഴ്സൺ ശ്രീമതി. സി.പി. ഉഷയുടെ അദ്ധ്യക്ഷതയിൽ കൗൺസിൽ ഹാളിൽ വച്ച് കൂടുകയുണ്ടായി.

നഗരസഭാ സെക്രട്ടറി ശ്രീ. ബിജുമോൻ ജേക്കബ്, മുനിസിപ്പൽ എഞ്ചിനീയർ ശ്രീ. കെ. ആർ. സുഭാഷ്, സൂപ്രണ്ട് ശ്രീമതി ജയമോൾ സി. ജോർജ്ജ്, ഹെൽത്ത് ഇൻസ്പെക്ടർ ശ്രീ. വി. എം. പ്രഭാഷ് എന്നിവർ സന്നിഹിതരായിരുന്നു.

ഹാജർ :

| ക്രമ നമ്പർ | വാർഡ് | കൗൺസിലറുടെ പേര് |
|---|---|---|
| 1. | 1 | ശ്രീ. ടി. കെ. സതീഷ് |
| 2. | 4 | ശ്രീമതി ടിഷ വേണു |
| 3. | 5 | ശ്രീ. എ. ഡി. സുജിൽ |
| 4. | 6 | ശ്രീമതി ബിന്ദു മുരളി |
| 5. | 7 | ശ്രീ. കാർത്തികേയൻ |
| 6. | 9 | ശ്രീ. ഷെറിൻ സാറ്റൻ |
| 7. | 10 | ശ്രീമതി ജാസ്മിൻ മുഹമ്മദ് കുഞ്ഞ് |
| 8. | 11 | ശ്രീ. ജോസഫ് ഷെറി |
| 9. | 12 | ശ്രീമതി സി. വി. റഹീമ |
| 10. | 13 | ശ്രീമതി. ചന്ദ്രമതി കുഞ്ഞപ്പൻ |
| 11. | 14 | ശ്രീ. സാജൻ ജോസഫ് |
| 12. | 15 | ശ്രീമതി അൽഫോൺസ ജോയി കോയിക്കര |
| 13. | 16 | ശ്രീമതി നസീറ റസാക്ക് |
| 14. | 17 | ശ്രീമതി സി. പി. ഉഷ |
| 15. | 19 | ശ്രീമതി ബിജി സുബ്രഹ്മണ്യം |
| 16. | 20 | ശ്രീ. ചാർളി ജെയിംസ് |
| 17. | 21 | ശ്രീ. നെൽസൺ കൊറയ |
| 18. | 22 | ശ്രീ. എ. കെ. നവാസ് |
| 19. | 23 | ശ്രീമതി മെറ്റിൽഡ ജെയിംസ് |
| 20. | 24 | ശ്രീ. പി. അജിത് കുമാർ |
| 21. | 25 | ശ്രീമതി വി. എ. ജെസി |
| 22. | 26 | ശ്രീമതി.ഗീത രാജു |
| 23. | 27 | ശ്രീ. മഞ്ജു എം. മേനോൻ |
| 24. | 29 | ശ്രീമതി ബേബി ജോൺ |
| 25. | 30 | ശ്രീ. ടി. എൻ. ഉണ്ണികൃഷ്ണൻ |
| 26. | 31 | ശ്രീ. എം. എ. ജെയിംസ് |

അജണ്ട: 1

PW2- 6319/18

ഏലൂർ നഗരസഭ – എഞ്ചിനീയറിംഗ് വിഭാഗം – കനത്ത കാലവർഷത്തെ തുടർന്ന് നഗരസഭയുടെ വിവിധ പ്രദേശങ്ങളിൽ പ്രത്യേകിച്ച് വടക്കും ഭാഗത്ത് (1, 2, 4, 5, 6, 29, 30, 31 എന്നീ വർഡുകളിൽ) ഉണ്ടായ വെള്ളപ്പൊക്കത്തെ തുടർന്ന് പ്രദേശവാസികളുടെ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്ന വിഷയം ബഹു. കൗൺസിൽ മുമ്പാകെ.

കുറിപ്പ് :

1. നഗരസഭയിലെ ആശ്രയ ഭവനങ്ങൾ കടുത്ത വെള്ളക്കെട്ടിലായതിനാൽ ജില്ലാ ഭരണകൂടത്തിന്റേയും, നഗരസഭയുടേയും നേതൃത്വത്തിൽ നഗരസഭയിലെ ഗവ. എൽ.പി. സ്കൂളിലെ ദുരിതാശ്വാസ ക്യാമ്പിൽ അവരെ പുനരധിവസിപ്പിച്ചിട്ടുള്ളതാണ്.
2. വെള്ളക്കെട്ടിലാണ്ട പ്രദേശങ്ങൾ ബഹു. ഡെപ്യൂട്ടി കളക്ടർ(ഡിസാസ്റ്റർ മാനേജ്മെന്റ്), പി.സി.ബി. എക്സിക്യൂട്ടീവ് എഞ്ചിനീയർ മുതലായ ഉദ്യോഗസ്ഥർ ബഹു. ചെയർപേഴ്സന്റേയും മറ്റും സാന്നിദ്ധ്യത്തിൽ സന്ദർശിക്കുകയും, പരിഹാര നടപടികൾ നിർദ്ദേശിച്ചിട്ടുള്ളതുമാണ്.

## തീരുമാനം-1

നഗരസഭയുടെ വിവിധ പ്രദേശങ്ങളിൽ പ്രത്യേകിച്ച് വടക്കും ഭാഗത്ത് (1, 2, 4, 5, 6, 29, 30, 31 എന്നീ വർഡുകളിൽ) ഉണ്ടായ വെള്ളപ്പൊക്കത്തെ തുടർന്ന് പ്രദേശവാസികളുടെ ബുദ്ധിമുട്ടുകൾ സംബന്ധിച്ച് വൈസ് ചെയർമാൻ ശ്രീ. എം. എ. ജെയിംസ്, പൊതുമരാമത്ത്കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ ശ്രീ. എ. ഡി. സുജിൽ, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ ശ്രീ. റ്റി. കെ. സതീഷ്, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ ശ്രീമതി ടിഷ വേണു, വാർഡ് കൗൺസിലർ ശ്രീമതി ബിന്ദു മുരളി മുതലാവയവർ വിശദീകരിക്കുകയും അടിയന്തിരമായി ടി. പ്രശ്നത്തിന് പരിഹാരം കാണണമെന്ന് കൗൺസിലിനോട് ആവശ്യപ്പെടുകയും ചെയ്തു. 2017-18 പദ്ധതിയിൽ സ്പിൽ ഓവർ പ്രൊജക്ടായി ഈ പ്രദേശങ്ങളിലെ വെള്ളക്കെട്ട് ഒഴിവാക്കുന്നതിനായ് തോട് ക്ലീനിംഗിന് പ്രൊജക്ട് വച്ചിരുന്നുവെങ്കിലും കുഴിക്കണ്ടം, ഉന്തിത്തോട് എന്നിവ വൃത്തിയാക്കുന്നതിന് പി.സി.ബി. അധികൃതർ ദേശീയ ഹരിത ട്രിബ്യൂണലിലെ കേസ്സ് നിലനിൽക്കുന്നതിനാൽ തടസ്സം നിന്നതുകൊണ്ടാണ് സമയത്ത് ആ പ്രോജക്ട് പൂർത്തീകരിക്കുവാൻ സാധിക്കാതിരുന്നത് എന്ന് ബഹു. ചെയർപേഴ്സൺ വിശദീകരിച്ചു.

തോടുകളിലെ വെള്ളം കെട്ടിക്കിടക്കുന്നതിനാൽ പാമ്പ് മുതലായ ഇഴജന്തുക്കളുടെ ശല്യവും വിഷാംശമുള്ള ജലം സമീപത്തെ കിണറുകളിലും മറ്റും എത്തിച്ചേരുന്ന സാഹചര്യം മൂലം ജനങ്ങളുടെ ജീവനും സ്വത്തിനും തന്നെ ഭീക്ഷണിയായിരിക്കുന്നതിനാൽ ജന ജീവിതത്തിന് സംരക്ഷണം നൽകേണ്ട ഉത്തരവാദിത്വമുള്ളതുകൊണ്ട് എത്രയും വേഗത്തിൽ സാധ്യമായ നടപടികൾ സ്വീകരിയ്ക്കണമെന്ന് വൈസ് ചെയർമാൻ അഭിപ്രായപ്പെട്ടു. അംഗങ്ങൾ എല്ലാവരും ഇതിനോട് യോജിക്കുകയും, യന്ത്രങ്ങൾ ഉപയോഗിച്ച് തോട് വൃത്തിയാക്കാൻ അനുവദിക്കാത്തത് പി.സി.ബി.യാണെങ്കിൽ അത് ജനങ്ങളെ ബോധ്യപ്പെടുത്തണമെന്ന് ചർച്ചയിൽ പങ്കെടുത്തുകൊണ്ട് മരാമത്ത് ചെയർമാൻ ശ്രീ. എ. ഡി. സുജിൽ ആവശ്യപ്പെട്ടു.

കുഴിക്കണ്ടം ഉൾപ്പെടെയുള്ള തോടുകളിലെ സമഗ്രമായ ശുചീകരണത്തിനും, പ്രദേശത്തെ വിഷാംശമടങ്ങിയ മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് ശാശ്വതപരിഹാരമായി ദേശീയ ഹരിത ട്രിബ്യൂണലിന്റെ നിർദ്ദേശ പ്രകാരം 26 കോടി രൂപയുടെ വിശദമായ ആക്ഷൻ പ്ലാൻ തയ്യാറായിട്ടുണ്ടെന്നും കേന്ദ്ര–സംസ്ഥാന സർക്കാരുകളുടെ ധനസഹായത്തോടെ പ്രസ്തുത ആക്ഷൻ പ്ലാൻ നടപ്പിലാക്കാൻ ആവശ്യമായ നടപടി പി.സി.ബി–യുടെ നേതൃത്വത്തിൽ നടന്നുവരികയാണെന്നും പ്രസ്തുത വിഷയം സംബന്ധിച്ച് ബഹു. ഹൈക്കോടതിയിൽ കേസ് നിലനിൽക്കുന്നുണ്ടെന്നും നഗരസഭാ സെക്രട്ടറി യോഗത്തെ അറിയിച്ചു. ദേശീയ ഹരിത ട്രിബ്യൂണലിന്റെ നിർദ്ദേശങ്ങൾ പാലിയ്ക്കാൻ നഗരസഭ ബാധ്യസ്ഥമാണെന്ന് സെക്രട്ടറി അഭിപ്രായപ്പെട്ടു.

18.06.2018 തീയതി ഇന്റർവ്യൂ നടത്തി 19.06.2018 തീയതിയിലെ കൗൺസിൽ അംഗീകാരം ലഭിച്ച ലിസ്റ്റിലെ ഹരിത കർമ്മസേനാംഗങ്ങളെ 30.06.2018 തീയതി വരെ നഗരസഭയിലെ വെള്ളക്കെട്ടുള്ള ഭാഗങ്ങളിൽ ശുചീകരണ പ്രവർത്തനങ്ങൾക്ക് താത്കാലികമായി ദിവസവേതന അടിസ്ഥാനത്തിൽ നിയോഗിക്കണമെന്ന് ആരോഗ്യകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ ശ്രീമതി. ചന്ദ്രമതി കുഞ്ഞപ്പൻ ആവശ്യപ്പെട്ടു. കൂടാതെ, വെള്ളക്കെട്ടുള്ള വാർഡുകളിൽ പെറ്റി വർക്കിൽ ഉൾപ്പെടുത്തി പ്രത്യേകം പ്രത്യേകം എസ്റ്റിമേറ്റ് തയ്യാറാക്കി തോടുകളിലെ ഇരുവശങ്ങളിലും വളർന്ന് നിൽക്കുന്ന പുല്ലുകളും, കാടുകളും അടിയന്തിരമായി നീക്കം ചെയ്ത് നീരൊഴുക്ക് സാധ്യമാകുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ കൗൺസിൽ അംഗങ്ങൾ ആവശ്യപ്പെട്ടതിനാൽ ചുവടെ പറയുന്ന തീരുമാനങ്ങൾ കൈക്കൊണ്ടു.

1. സ്ഥലവാസികളുടെ ദുരിതം നേരിട്ട് മനസ്സിലാക്കിയ ദുരന്തനിവാരണ സമിതിയുടെ നിർദ്ദേശം കൂടി പരിഗണിച്ച് പി.സി.ബി.–യുടെ മേൽനോട്ടത്തിൽ കുഴിക്കണ്ടം, ഉന്തിത്തോട് ഉൾപ്പെടെയുള്ള തോടുകളുടെ നീരൊഴുക്ക് ഉറപ്പാക്കുവാൻ തോടുകളിലെ ഇരുവശങ്ങളിലും വളർന്ന് നിൽക്കുന്ന പുല്ലുകളും, കാടുകളും ജെ.സി.ബിയോ, മറ്റ് യന്ത്രോപകരണങ്ങളോ ഉപയോഗിക്കാതെ തത്കാലം അടിയന്തിരമായി നീക്കം ചെയ്ത് നീരൊഴുക്ക് സാധ്യമാകുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുവാൻ കൗൺസിൽ തീരുമാനിച്ചു.

2. നഗരസഭയുടെ വെള്ളക്കെട്ടുള്ള വാർഡുകളിൽ പെറ്റി വർക്കിൽ ഉൾപ്പെടുത്തി നഗരസഭാ തനതു ഫണ്ടിൽ നിന്നും ഓരോ വർക്കുകൾക്കും 20,000/- രൂപയിൽ അധികരിക്കാത്ത വിധത്തിൽ പ്രത്യേകം പ്രത്യേകം എസ്റ്റിമേറ്റ് തയ്യാറാക്കി ജെ.സി.ബിയോ, മറ്റ് യന്ത്രോപകരണങ്ങളോ ഉപയോഗിക്കാതെ തോടുകളിലെ ഇരുവശങ്ങളിലും വളർന്ന് നിൽക്കുന്ന പുല്ലുകളും, കാടുകളും പി.സി.ബി.–യുടെ മേൽനോട്ടത്തിൽ അടിയന്തിരമായി നീക്കം ചെയ്ത് നീരൊഴുക്ക് സാധ്യമാകുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ നഗരസഭാ എഞ്ചിനീയറിംഗ് വിഭാഗത്തെ ചുമതലപ്പെടുത്തി തീരുമാനിച്ചു.

3. വെള്ളക്കെട്ട് നിവാരണത്തിന് കണ്ടിജന്റ് തൊഴിലാളുടെ സേവനം ആവശ്യമായതിനാൽ 18.06.2018 തീയതി ഇന്റർവ്യൂ നടത്തി 19.06.2018 തീയതിയിലെ കൗൺസിൽ അംഗീകാരം ലഭിച്ച ലിസ്റ്റിലെ ഹരിത കർമ്മസേനാംഗങ്ങളെ 30.06.2018 തീയതി വരെ നഗരസഭയിലെ വെള്ളക്കെട്ടുള്ള ഭാഗങ്ങളിൽ ശുചീകരണ പ്രവർത്തനങ്ങൾക്ക് താത്കാലിക അടിസ്ഥാനത്തിൽ നിയോഗിക്കുന്നതിന് തീരുമാനിച്ചു.

4. പ്രദേശത്തെ വെള്ളക്കെട്ടിന് ശാശ്വതപരിഹാരം എന്ന നിലയിൽ കുഴിക്കണ്ടം ഉൾപ്പെടെയുള്ള തോടുകളുടെ സമഗ്രമായ ശുചീകരണത്തിനും, പ്രദേശത്തെ വിഷാംശമടങ്ങിയ മാലിന്യങ്ങൾ ശാസ്ത്രീയമായ സംസ്കരിക്കുന്നതിനും ആവശ്യമായ നടപടികൾക്കായി സംസ്ഥാന സർക്കാരിന്റെ ശ്രദ്ധയിൽ ടി. വിഷയം അടിയന്തിരമായി കൊണ്ടുവരുവാൻ നഗരസഭാ ചെയർപേഴ്സനേയും, വൈസ് ചെയർമാനേയും, പൊതുമരാമത്ത് കാര്യ സ്റ്റാന്റിംഗ് കമ്മിറ്റിചെയർമാനേയും ചുമതലപ്പെടുത്തി തീരുമാനിച്ചു.

യോഗനടപടികൾ 1.30–ന് അവസാനിച്ചു.

**മുനിസിപ്പൽ ചെയർപേഴ്സൺ**

ELOOR MUNICIPALITY * UDYOGAMANDAL-P.O. *